"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 22-07-2020

## സർക്കുലർ നം 64

കോവിഡ്-19 വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ മൊബൈൽ, ടാബ് ലെറ്റ് മുതലായ ഉപകരണങ്ങളുടെ സഹായത്തോടെ വാട്സ്ആപ്പ് ആപ്ലിക്കേഷൻ ഉപയോഗിച്ച് കൂടിക്കാഴ്ച പരീക്ഷണാടിസ്ഥാനത്തിൽ 3 മാസത്തേയ്ക്ക് നടപ്പാക്കാൻ സർക്കുലർ നം.62 മുഖേന ജയിൽ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതുമായി ബന്ധപ്പെട്ട് ചുവടെചേർക്കുന്ന നിർദ്ദേശങ്ങൾകൂടി പുറപ്പെടുവിക്കുന്നു.

1) പി.എൻ. പണിക്കർ ഫൗണ്ടേഷനുമായി ബന്ധപ്പെട്ട് ഇ-ലിറ്ററസി പ്രോഗ്രം (കമ്പ്യൂട്ടർ സാക്ഷരതാപഠനം) നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ ജയിലുകളിൽ ലഭ്യമാക്കിയിരുന്ന ടാബ്ലെറ്റുകൾ പ്രസ്തുത വാട്സ് ആപ്പ് കൂടിക്കാഴ്ചയ്ക്കായി ഉപയോഗിക്കേണ്ടതാണ്.

2) ടാബ് ലെറ്റുകൾ ലഭ്യമല്ലാത്ത ജയിലുകളിൽ അന്തേവാസികളുടെ ക്യാന്റീൻ പ്രോഫിറ്റ് ഫണ്ടിലെ തുക ഉപയോഗിച്ച് പുതിയ മൊബൈൽ / ടാബ്ലെറ്റ് വാങ്ങേണ്ടതാണ്.

3) സൂപ്രണ്ടിന്റെ പേരിൽ നെറ്റ് കണക്ഷനോടുകൂടിയ (Data only) സിം കാർഡ് എടുക്കേണ്ടതാണ്.

4) സിം കാർഡ്, റീ-ചാർജ്ജ് എന്നിവയ്ക്കുള്ള തുക ക്യാന്റീൻ പ്രോഫിറ്റ് ഫണ്ടിൽ നിന്നും ചെലവാക്കേണ്ടതും ടി കണക്ഷൻ ഈ ആവശ്യത്തിനുവേണ്ടി മാത്രം ഉപയോഗിക്കേണ്ടതുമാണ്.

5) ടി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന 3 മാസത്തെ കാലയളവിൽ ഈ ആവശ്യത്തിനായി അന്തേവാസികളിൽ നിന്നും തുക പ്രത്യേകമായി ഈടാക്കേണ്ടതില്ല.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സ്ഥാപനമേധാവികൾക്കും

പകർപ്പ് : മേഖല ഡി ഐ ജി മാർക്ക്

G2-16286/2020/PrHQ

e5a5e7